ഇഹ്സാൻ

# ‘ഹിന്ദുത്വ’ റിപ്പബ്ലിക്കായി മാറുകയാണോ?

**എൻ.ഡി.എ** ഭരണകാലത്ത് ഇന്ത്യയിലെ പോലീസും രഹസ്യാന്വേഷണ ഏജൻസികളും ചേർന്ന് സംഘ്പരിവാറിനുവേണ്ടി മുസ്‌ലിംകളെ പൈശാചികവൽക്കരിച്ചതിന്റെ കെട്ടുമണക്കുന്ന കഥകൾ ഈയിടെ ഒന്നൊന്നായി പുറത്തുവരികയാണ്. പ്രധാനമായും തെഹൽക നടത്തിയ അന്വേഷണം തന്നെയാണ് ഈ ക്രൂരതകൾ പുറത്തുകൊണ്ടുവരുന്നത്. ഹൈദരാബാദിൽ അൻഹദിന്റെ ആഭിമുഖ്യത്തിൽ നടന്ന തെളിവെടുപ്പ്, വർഗീയവൽക്കരിക്കപ്പെട്ട ഇന്ത്യൻ ഭരണയന്ത്രത്തെ കുറിച്ച് കൂടുതൽ മലിനമായ കഥകൾ വലിച്ചു പുറത്തിട്ടു. നിസ്സഹായരും നിരപരാധികളുമായ ഒരുകൂട്ടം ചെറുപ്പക്കാരെ ഗുഹ്യഭാഗങ്ങളിൽ ഷോക്കടിപ്പിച്ചും ഗുദത്തിൽ പെട്രോൾ ഒഴിച്ചും മറ്റും മാസങ്ങളോളം പീഡിപ്പിച്ച് കേസുകൾക്ക് തെളിവുകൾ ഉണ്ടാക്കിയെടുക്കുകയായിരുന്നു പോലീസ് ചെയ്തത്. ‘കുറ്റസമ്മത’മല്ലാതെ പോലീസിന്റെ പക്കൽ ഒരു തെളിവുമില്ലാത്ത എണ്ണമറ്റ ‘ഭീകരാക്രമണ’ കേസുകളാണ് കോടതി മുറികളിൽ കെട്ടിക്കിടക്കുന്നത്. പോലീസിനു മുമ്പാകെയുള്ള കുറ്റസമ്മതം തെളിവായി അംഗീകരിച്ച ഇന്ത്യയിലെ ഏക നിയമമായിരുന്നു പോട്ട. ആ നിയമമനുസരിച്ചു പോലും ശിക്ഷിക്കാനാവാതെയാണ് നൂറു കണക്കിന് മുസ്‌ലിം ചെറുപ്പക്കാരെ തടവിലിട്ടിരിക്കുന്നത്.

ജനാധിപത്യം എന്ന മനോഹര സങ്കൽപത്തിൽ നിന്ന് രാജ്യം ഹിന്ദുത്വത്തിലേക്ക് വഴിതെറ്റുകയാണോ? അദ്വാനിയും കൂട്ടരും ഇന്ത്യ ഭരിച്ചതോടെ ജനാധിപത്യത്തിന്റെ മുഴുവൻ സ്തംഭങ്ങളിലും വർഗീയതയുടെ ചിതലു കയറിക്കഴിഞ്ഞു. മാധ്യമങ്ങളെയും രാഷ്ട്രീയക്കാരെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും മാത്രമല്ല നീതിന്യായ വ്യവസ്ഥയെ പോലും പ്രതിക്കൂട്ടിൽ നിർത്തുന്നതാണ് പുതിയ പല വെളിപ്പെടുത്തലുകളും. നീതിപീഠങ്ങളുടെ ദർബാറുകളിലാണ് പോലീസിന്റെ മേൽനോട്ടത്തിൽ അനീതിയുടെ കൂത്തരങ്ങ്. സർക്കാർ കൊണ്ടുവന്ന് കാണിക്കുന്ന ‘രഹസ്യ വിവരങ്ങൾ’ മാത്രമാണ് കേസിലെ ശിക്ഷയും രക്ഷയും തീരുമാനിക്കുന്നത്. തനിക്കെതിരെയുള്ള തെളിവെന്താണെന്ന് ശിക്ഷയേറ്റു വാങ്ങുന്നവൻ അറിയാതിരിക്കുന്നേടത്തോളം സ്വയം പ്രതിരോധിക്കാനുള്ള അവന്റെ നിയമപരമായ അവകാശത്തെ കുഴിച്ചുമൂടുകയല്ലേ നമ്മുടെ ജനാധിപത്യം ചെയ്യുന്നത്? ഭീകരാക്രമണ കേസുകളിൽ ഈ നാടകമാണ് കോടതിയിൽ അരങ്ങേറുന്നതെന്നാണ് തെഹൽക എഡിറ്റർ അജിത്ത് സാഹിയുടെ മൂന്നുമാസക്കാലത്തെ അന്വേഷണം പുറത്തുകൊണ്ടുവന്ന സത്യം.

തെഹൽക ചൂണ്ടിക്കാട്ടിയ ഈ ഉദാഹരണം നോക്കൂ. സിമിയുടെ നിരോധനം മൂന്നാം തവണയും നീട്ടിയപ്പോൾ സംഘടനയുടെ അഭിഭാഷകൻ പതിവുപോലെ സുപ്രീംകോടതിയിൽ ഹരജിയുമായിട്ടെത്തി. ‘ഇതെന്താ നിങ്ങൾ തമാശ കളിക്കുന്നോ? ഓരോ തവണയും നിരോധനത്തെ ഞങ്ങൾ ശരിവെക്കുന്നു. നിങ്ങൾ അതിനെ ചോദ്യം ചെയ്യാൻ ഒരുമ്പെടുകയും ചെയ്യുന്നു’- നീതിപീഠം അരിശപ്പെട്ടു. ‘ബഹുമാനപ്പെട്ട കോടതിക്ക് തെറ്റായ വിവരം ലഭിക്കുകയാണുണ്ടായത്. നിരോധനത്തെ ചോദ്യം ചെയ്ത് സംഘടന സമർപ്പിച്ച ഒറ്റ ഹരജിയും ഇന്നേവരെ വിചാരണക്കെടുത്തിട്ടില്ല’ അഭിഭാഷകനായ ത്രിദീപ് പയസ് വിനയപുരസ്സരം ചൂണ്ടിക്കാട്ടി. തെറ്റ് തന്റേതാണെന്ന് മനസ്സിലാക്കിയ ജഡ്ജി ചെയ്തത് എന്തായിരുന്നുവെന്നോ? വിശാലമായ ബെഞ്ചിൽ വാദം കേൾക്കുന്നതിനായി പുതിയ ഹരജിയും മാറ്റിവെച്ചു! പക്ഷേ നിരോധനത്തെ വിലയിരുത്താനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് ഗീതാ മിത്തൽ ട്രൈബ്യൂണൽ സിമിയെ കുറ്റവിമുക്തമാക്കിയത് സ്റ്റേ ചെയ്യണമെന്ന കേന്ദ്രസർക്കാറിന്റെ അപ്പീലിന്മേൽ ഹരജിപ്പുറത്തായിരുന്നു മറുപടി. ഹരജി സുപ്രീംകോടതി അനുവദിച്ചു. കോടതിയിൽ വന്ന് നിരപരാധിത്വം തെളിയിക്കണമെന്ന് സിമിയോട് ആവശ്യപ്പെടുകയും ചെയ്തു. ആറു വർഷമായി നിരപരാധിത്വം തെളിയിക്കാൻ അവസരം നൽകണമെന്നാവശ്യപ്പെട്ട് സംഘടന സമർപ്പിച്ച മുഴുവൻ ഹരജികളും മാറ്റിവെച്ച സുപ്രീംകോടതി ഈ കേസ് എന്നു വിചാരണക്കെടുക്കുമെന്നാണ് കരുതേണ്ടത്?

നാന്ദേഡിനും തെങ്കാശിക്കും ശേഷം ഒടുവിൽ യു.പിയിലെ കാൺപൂരിലും സംഘ്പരിവാറിന്റെ വക ബോംബ് ‘സ്ഫോടന’ രക്തസാക്ഷികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ബോംബുണ്ടാക്കുന്നവർ കൊല്ലപ്പെട്ടതു കൊണ്ടുമാത്രം പുറത്തറിയാനിടയായ കേസ്. കഷ്ടിച്ച് രണ്ട് ഡസൻ എത്തിയ ഇന്ത്യൻ ബോംബ് സ്ഫോടനങ്ങളുടെ ചരിത്രത്തിൽ മൂന്നാം തവണയാണ് ബോംബുണ്ടാക്കുന്നതിനിടയിൽ സംഘ്പരിവാർ വളണ്ടിയർമാർ കൊല്ലപ്പെടുന്നത്. എന്തായിരിക്കാം അപ്പോൾ പൊട്ടാതെ നിർമിക്കപ്പെട്ടിട്ടുണ്ടാവുന്ന ബോംബുകളുടെ എണ്ണം? മറുഭാഗത്ത് കേസിൽ പ്രതിചേർക്കപ്പെട്ട ഒരു പ്രത്യേക സമുദായക്കാരിൽ നിന്നും ഇങ്ങനെ എത്ര ബോംബുകൾ പോലീസിന് കിട്ടിയിട്ടുണ്ട്? ഇടിച്ചു ചതച്ചുണ്ടാക്കിയെടുത്ത കുറ്റസമ്മത മൊഴികളല്ലാതെ? ഇന്ത്യയെ പിടിച്ചു കുലുക്കുന്ന ബോംബ് സ്ഫോടനങ്ങൾക്കു പിന്നിൽ ആരാണെന്ന രഹസ്യം അങ്ങാടിപ്പാട്ടായിട്ടും പോലീസും മാധ്യമങ്ങളും ഇന്നും ‘ഇസ്‌ലാമിക തീവ്രവാദി’കളുടെ പുറകെ പായുകയാണ്. നാന്ദേഡ് ബോംബ് സ്ഫോടനങ്ങളെ കുറിച്ച് നീണ്ട രണ്ടു വർഷക്കാലത്തെ അന്വേഷണത്തിനു ശേഷം സംഭവത്തിലുൾപ്പെട്ട മുഴുവൻ പ്രതികളെയും സംഘടനകളെയും സി.ബി.ഐ ‘തലോടി’ വിട്ടത് ഈയിടെയായിരുന്നു.

ഹൈദരാബാദിൽ പോയവാരം നടന്ന ജനകീയ കമീഷൻ തെളിവെടുപ്പ് കഴിഞ്ഞ കുറെ വർഷങ്ങളായി പലർക്കും അറിയാമായിരുന്ന സത്യങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ വിജയിച്ചു. ‘ഭീകരാക്രമണ’ങ്ങളുടെ പേരിൽ പോലീസ് വേട്ടയാടിയ 40 മുസ്‌ലിം ചെറുപ്പക്കാരുടെ കുടുംബാംഗങ്ങളാണ് മൂന്നു ദിവസം നീണ്ടുനിന്ന ഈ തെളിവെടുപ്പിനെത്തിയത്. തങ്ങളുടെ ഉറ്റവർക്കെതിരെ പോലീസ് കള്ളക്കേസെടുത്തുവെന്ന് വെറുതെ ആരോപിക്കുകയായിരുന്നില്ല ഇവർ. തെളിവുകൾ ഹാജരാക്കിയിരുന്നു. പോലീസിന്റെ ആരോപണങ്ങളെ കോടതിയിൽ ചോദ്യം ചെയ്യാൻ ശ്രമിച്ച ചില അഭിഭാഷകരും തങ്ങളുടെ ദുരനുഭവങ്ങൾ കമീഷനുമായി പങ്കുവെച്ചു. അവ സൂക്ഷ്മമായി പരിശോധിച്ച കമീഷന്റെ ഇടക്കാല റിപ്പോർട്ട് ഭീകരതയുടെ പേരിൽ പോലിസും മാധ്യമങ്ങളും മുസ്‌ലിം സമുദായത്തെ വേട്ടയാടുകയാണെന്ന ആരോപണത്തെ ശരിവെക്കുക മാത്രമല്ല ചെയ്തത്, ഇന്ത്യയിലെ പോലീസ് സംവിധാനം വ്യാപകമായി വർഗീയവൽക്കരിക്കപ്പെട്ടതായും ചൂണ്ടിക്കാട്ടി. കോടതികളെ കുറിച്ചും മാധ്യമങ്ങളെ കുറിച്ചുമൊക്കെ ഈ ഇടക്കാല റിപ്പോർട്ടിൽ വിമർശനാത്മകമായ പരാമർശങ്ങളുണ്ട്. ഈ കേസുകളിൽ സ്വമേധയാ ഇടപെടേണ്ടിയിരുന്ന മനുഷ്യാവകാശ കമീഷനും അലസമായാണ് പരാതികൾ കൈകാര്യം ചെയ്യുന്നതെന്ന് അവർ ചൂണ്ടിക്കാട്ടി. ഇനി ആരാണ് രാജ്യത്ത് നീതി നടപ്പാക്കേണ്ടത് ആവോ? ■